www.malankaralibrary.com

ആഗസ്റ്റ്
2022
ലക്കം 7

# യുവചേതന

എം. സി. വൈ. എം. സഭാതല സമിതി മുഖപത്രം



www.malankaralibrary.com

# എഡിറ്റോറിയൽ



## സ്വാതന്ത്ര്യത്തിന്റെ 75 സുവർണ്ണ വർഷങ്ങൾ

നമ്മുടെ ഭാരതം സ്വാതന്ത്ര്യത്തിന്റെ 75 സുവർണ്ണ വർഷങ്ങൾ പിന്നിട്ടിരിക്കുകയാണല്ലോ. അന്ന് ബ്രിട്ടീഷ്കാരുടെ മുന്നിൽ പോരാടി നാം നേടിയെടുത്ത സ്വാതന്ത്ര്യം, ഇന്ന് നമ്മെ അഭിമാനത്തോടെ ലോകത്തിന്റെ മുമ്പിൽ ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്ന ഖ്യാതി നേടിത്തന്നിരിക്കുന്നു.

നാനാത്വത്തിൽ ഏകത്വമുള്ള നമ്മുടെ നാട്, വിവിധ സംസ്ഥാനങ്ങൾ, വിവിധ മതങ്ങൾ, വിവിധ ഭാഷകൾ, വിവിധ സംസ്കാരങ്ങൾ എല്ലാം വ്യത്യസ്തമായിരിക്കാം, പക്ഷേ ഇന്ത്യയെന്ന ഒറ്റ വികാരം ഒരോ ഭാരതീയന്റെയും ഇടനെഞ്ചിൽ മുഴങ്ങി കേൾക്കാം.

രാജ്യം പുരോഗതിയിൽ മുമ്പിലേക്ക് കുതിക്കുമ്പോളും നമ്മുടെ യുവതലമുറ രാഷ്ട്രനിർമ്മിതിയിൽ എത്രത്തോളം പങ്കുചേരുന്നു എന്നത് ചിന്തയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. രാഷ്ട്രീയ ബോധമുള്ള യുവതലമുറയെ വളർത്തിയെടുക്കുമ്പോൾ രാഷ്ട്രബോധമുള്ള എത്ര പേർ അതിലുണ്ടാകും?

നമ്മുടെ രാജ്യത്തിന്റെ പുരോഗതിയിൽ ക്രൈസ്തവ മിഷണറിമാർ വഹിച്ച പങ്ക് വളരെ വലുതാണ്. ഗ്രാമങ്ങൾ തോറും കടന്ന് ചെന്ന് സാധാരണക്കാരായ ആളുകളിൽ അക്ഷരത്തിന്റെ വെളിച്ചം പകർന്ന് നൽകി ഗുരുതരമായ രോഗങ്ങളാൽ ജനം വലഞ്ഞപ്പോൾ ആശുപത്രികളും, നേഴ്സുമാരുമൊക്കെയായി പരിചരണത്തിനെത്തി. വിശക്കുന്നവർക്ക് ആഹാരം വിളമ്പി നൽകി, വികസന സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി.

ഇനിയും നമുക്ക് മുന്നേറുവാൻ ഒരുപാട് ദൂരമുണ്ട്, ഇപ്പോഴും സ്വാതന്ത്രത്തിന്റെ അവകാശമില്ലാത്ത ഒരു പാട് ജീവിതങ്ങളുണ്ട്, അവർക്ക് വേണ്ടിയും നമ്മുക്ക് പോരാടാം.

നമ്മുടെ നാട് നാം ഓരോ ഭാരതീയനും അഭിമാനമാണ്. അതിന്റെ തനിമയും പാരമ്പര്യവും നമുക്ക് ഉയർത്തിപിടിക്കാം.

ഏവർക്കും സ്വാതന്ത്രദിനത്തിന്റെ ആശംസകൾ നേരുന്നു.

ജയ്ഹിന്ദ്

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.

www.malankaralibrary.com

# Presidential Desk



**വി**ദേശ അടിച്ചമർത്തലിനെതിരെ പോരാടി സ്വാതന്ത്ര്യമെന്ന ഭാരതീയരുടെ അവകാശം തിരികെ നേടിയെടുത്തതിൻറെ ആവേശപൂർവ്വമായ ഓർമ പുതുക്കിയാണ് ഓരോ സ്വാതന്ത്ര്യദിനവും കടന്നുപോകുന്നത്. രാജ്യമെങ്ങും ത്രിവർണ പതാക വാനോളം ഉയരുമ്പോൾ വേഷത്തിന്റെയും ഭാഷയുടെയും അതിർത്തികളെല്ലാം മറന്ന് ഓരോ ഭാരതീയനും അഭിമാനത്തിന്റെ കൊടുമുടിയിലെത്തും. ഒരു രാഷ്ട്രത്തിന്റെ നട്ടെല്ലാണ് യുവജനങ്ങൾ. രാജ്യത്തിന്റെ ഭാവി അവരുടെ കൈയിലാണ്. യുവജനശക്തിയുടെ കാര്യത്തിൽ നാം സമ്പന്നമാണ്, എന്നാൽ അത് ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ പിന്നിലും. ക്രീയാത്മക പ്രവർത്തനങ്ങളിൽ പങ്കാളികളായി ലോകത്തിനു ഉപകാരപ്പെടുന്ന മേഖലയിലാണ് യുവത്വത്തിന് സ്ഥാനം, എന്നാൽ ഇന്ന് യുവജനങ്ങൾ ലോകത്തിൽ പലയിടത്തും പകച്ചു നിൽക്കുകയാണ്. തൊഴിലില്ലായ്മയുടെ മുന്നിൽ പകച്ചു നില്ക്കുകയല്ല. പകരം 'തിരിയാത്ത ഭൂമിയെ ചവിട്ടി തിരിക്കണം' എന്ന കവിവാക്യം പ്രാവർത്തികമാക്കണം. ഭാരതീയ യുവത്വം മാറ്റങ്ങളുടെ കർമ്മശക്തിയായി ലോകത്തിനു മാതൃകയായിത്തീരട്ടെ.

ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# സ്വാതന്ത്ര്യ സമരത്തിൽ യുവജനങ്ങളുടെ പങ്ക്



**ജിൻസി ഡി. എസ്.**
വൈസ് പ്രസിഡന്റ്
പാറശ്ശാല ഭദ്രാസനം

ഒരു കാലഘട്ടത്തിൽ കൊളോണിയൽ ഭരണത്തിൽ നിന്നും നമ്മുടെ രാഷ്ട്രത്തിന് സ്വാതന്ത്ര്യം നേടിത്തരാൻ അനേകം മനുഷ്യജീവിതങ്ങൾ നടത്തിയ പോരാട്ടങ്ങളുടെയും നിസ്തുല്യമായ കൂട്ടായ പരിശ്രമങ്ങളുടെയും ഓർമപുതുക്കലാണ് ഓരോ സ്വാതന്ത്ര്യദിനവും. രാജ്യസ്നേഹികളായ മഹാന്മാരുടെയും ജാതിമതഭേദമന്യേ ഒപ്പം അണിചേർന്ന ആയിരക്കണക്കിന് സാധാരണക്കാരുടെയും ജീവൻ ബലി കൊടുത്ത് നേടിയ ഇന്ത്യയുടെ സ്വാതന്ത്ര്യം 75 വർഷം പൂർത്തിയാക്കിയിരിക്കുന്നു. തദവസരത്തിൽ ഇന്ത്യയെന്ന ജനാധിപത്യ രാജ്യത്തിലെ പൗരന്മാരായതിൽ നമുക്ക് അഭിമാനിക്കാം.

അനേക വർഷക്കാലം നീണ്ടുനിന്ന വിദേശ മേധാവിത്വത്തിനെതിരെ നടത്തിയ പോരാട്ടങ്ങളിലൂടെ വൈവിദ്ധ്യങ്ങളാൽ സമൃദ്ധമായ ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ ഐക്യം ഊട്ടിയുറപ്പിക്കുവാനും സ്വാതന്ത്ര്യം നേടിയെടുക്കാനും സാധിച്ചത് കൂട്ടായ പരിശ്രമങ്ങളിലൂടെയും സമാധാനപരമായ സമരമാർഗങ്ങളിലൂടെയുമാണ്. പ്രായഭേദമന്യേ എല്ലാവരും ഒറ്റക്കെട്ടായി നടത്തിയ ധാരാളം സമരങ്ങൾ അക്കാലഘട്ടത്തിൽ ഇന്ത്യ മഹാരാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടക്കുകയുണ്ടായി. അതിൽ യുവജനസമൂഹത്തിന്റെ പങ്ക് ഏറെ പ്രാധാന്യം നിറഞ്ഞതാണ്.

മനുഷ്യജീവിതത്തിലെ ഏറ്റവും നിർണായകമായ കാലഘട്ടമാണ് യുവത്വകാലം. വ്യക്തിത്വവികാസം സാധ്യമാകുന്നതും ബുദ്ധിപരമായി തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നതും ശാരീരികമായി പ്രതിസന്ധികളെ തരണം ചെയ്യാൻ പ്രാപ്തരായ യുവത്വകാലഘട്ടത്തിൽ സ്വരാഷ്ട്രത്തിനു വേണ്ടി ജീവൻ സമർപ്പിക്കാൻ തയ്യാറായ ധാരാളം യുവമഹാന്മാർ നടത്തിയ പോരാട്ടങ്ങളും സ്വതന്ത്രഭാരത രൂപീകരണത്തിന് ആക്കം കൂട്ടി. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ 1857ൽ നടന്ന പ്രഥമ സ്വാതന്ത്ര്യസമരത്തിന്റെ തുടക്കം മംഗൽ പാണ്ഡെ എന്ന സൈനിക യുവാവിൽ നിന്നായിരുന്നു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടമാടിയ നികുതി നിഷേധ

www.malankaralibrary.com



പ്രവർത്തനങ്ങളിലും അനാചാരപ്രവർത്തനങ്ങളിലും അഷ്ഭാക്ക് ഉല്ലാഖാൻ, ഈശ്വര ചന്ദ്രവിദ്യാസാഗർ, അരബിന്ദഘോഷ് തുടങ്ങി ധീരന്മാരായ യുവാക്കളും അരുണ അസഫ്അലി, ബീന ദാസ് എന്നീ സമർഥരായ യുവതികളും നേതൃത്വനിരയിൽ നിന്ന് പൊരുതി. വിദേശശക്തികൾ ഏറെ ഭയപ്പെട്ടിരുന്ന ഒരു സമൂഹമാണ് യുവജനങ്ങൾ. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ പോരാടുകയും നേരായ മാർഗത്തിലൂടെ തങ്ങളുടെ ആശയങ്ങളും ലക്ഷ്യങ്ങളും ബ്രിട്ടീഷ് അധികാരികൾക്ക് മുന്നിൽ തുറന്നു കാട്ടിയ ഭഗത് സിംഗ് എന്ന ധീരയുവാവ് ഇന്ത്യൻ ജനതക്ക് മറക്കാനാകാത്ത ഒരു വ്യക്തിത്വമാണ്. ഭാരതത്തിന്റെ നെടുംതൂണുകളാണ് യുവജനസമൂഹം എന്ന് മനസിലാക്കിയ ബ്രിട്ടീഷ് അധികാരികൾ നേതൃത്വനിരയിലേക്ക് വരുന്ന യുവജനങ്ങളെ തെറ്റായ നയങ്ങളിലൂടെ വധശിക്ഷക്ക് വിധേയരാക്കി. ഇന്ത്യയെന്ന മഹാരാജ്യത്തെ നെഞ്ചോടുചേർത്ത് സ്നേഹിച്ചു രക്തസാക്ഷിത്വം വരിച്ച അനേകം യുവമഹാന്മാർ ഭാരതത്തിനു അഭിമാനമായ വ്യക്തിത്വങ്ങളാണ്.

സ്വതന്ത്രത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന കാലഘട്ടമാണ് യുവത്വകാലഘട്ടം. രാഷ്ട്രസ്വാതന്ത്രത്തിന് വേണ്ടി ഉപജീവനമാർഗങ്ങളിൽ നിന്നും വിരമിച്ചു സമരത്തിലേക്ക് കടന്നുവന്ന രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങി പ്രമുഖരായ വ്യക്തികൾ യുവത്വകാലം മുതൽക്കെ ജീവിതം ഭാരതത്തിനു സമർപ്പിച്ചവരാണ്. സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന എല്ലാ ശക്തികൾക്കെതിരെയും പോരാടാനുള്ള ആവേശവും ഊർജ്ജവും നിറഞ്ഞ യുവത്വം ആവാഹിച്ച വ്യക്തിത്വങ്ങളാണ് ലോകചരിത്രത്തിന്റെ ഗതിനിർണയം മാറ്റിമറിക്കാൻ കാരണമായിത്തീർന്നത്.

ഊർജ്ജസ്വലരും ഉത്സാഹഭരിതരും നൂതനവും ചലനാത്മകമായ സ്വഭാവസവിശേഷതകളാൽ നിറഞ്ഞവരാണ് യുവജനങ്ങൾ. മറ്റുള്ളവർക്ക് പ്രചോദനവും ഇച്ഛാശക്തിയും വളർത്തിയെടുക്കാൻ പ്രാപ്തരായ, സമൂഹത്തിന്റെ മൂല്യവത്തായ മാനവവിഭവസമ്പത്താണ് യുവജനസമൂഹം. ഒരു രാജ്യത്തിന്റെ സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക വികസനത്തിൽ യുവജനങ്ങളുടെ പങ്ക് നിർണായകമാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ കാതലായ യുവജനസമൂഹം ഭാരതത്തെ സ്നേഹിക്കുന്ന സമൂഹത്തിലെ അസമത്വങ്ങൾക്കെതിരെ സമാധാനപരമായി പ്രതികരിക്കുന്ന നന്മയുള്ള നല്ല വ്യക്തിത്വമുള്ളവരായി ജീവിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.


www.malankaralibrary.com

# St. John Vianney


**Benson Benny**
General Secretary
Diocese of Pune-Khadki



St. John Vianney, in full Saint Jean-Baptiste-Marie Vianney, also called Curé d'Ars, is a priest who was renowned as a confessor and for his supernatural powers. He is the patron saint of parish priests. St Vianney was born on 8 May 1786 in France in the town of Dardilly, near Lyons. His devout Catholic parents were farmers, and from an early age John worked in the fields. Without formal education John could helped his parents at the farm, but thanks to his mother's teaching, St Vianney was able to memorise and understand numerous prayers, and live a devout religious life.

He was ordained a priest in 1815 and became curate in Ecully and later sent to the remote French community of Ars in 1818 to be a parish priest. He was a dedicated and humble priest who was mission oriented, Vianney slowly helped to revive the community's faith through both his prayers and the witness of his lifestyle. He gave powerful homilies on the mercy and love of God. His reputation as a confessor grew rapidly, and pilgrims travelled from all over France to come to him in the Sacrament of Reconciliation.

www.malankaralibrary.com



Having given his whole life for God and his parishioners, Saint John Vianney spent a lifetime working wonders the likes of which the Church rarely sees. Perhaps the greatest of all those wonders, though, was the fact that he converted the whole French town of Ars to the Sacrament which is one of the miracles and other miracles such as multiplication of flour when there was no food and wine, and several healing miracles. Although most of his life was a struggle due to Fresh revolution St Vianney did not fail to embark in Christian faith and stayed strong to will and served with his whole heart.

John Vianney was called to eternal rest on 4 August 1859. He was 73 years old. His relics can be found in Ars (France). He was beatified by Pope St Pius X in 1905, and canonized twenty years later by Pope Pius XI. In 1929, the same Pope proclaimed him the "heavenly patron of all parish priests throughout the world." During the centenary of his death in 1959, Pope St John XXIII dedicated an encyclical to St John Vianney, pointing him out as exemplary model for priests. Fifty years later, Pope Benedict XVI inaugurated a "Year of Priests" on the 150th anniversary of his birthday into heaven, in order "to deepen the commitment of all priests to interior renewal for the sake of a stronger and more incisive witness to the Gospel in today's world."



www.malankaralibrary.com



**"യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക യൗവനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ"**
(സഭാപ്രസംഗകൻ :11/9)



**ജൂലി യോഹന്നാൻ**
സെക്രട്ടറി
മാവേലിക്കര ഭദ്രാസനം

യൗവ്വനം ആനന്ദത്തിന്റെയും സന്തോഷത്തിന്റെയും നാളുകളാകണം..... യൗവ്വനം പ്രസാദപൂർണമാകണം......

യുവത്വം മഹത്തായ അനുഗ്രഹമാണ്. ഉദയസൂര്യന്റെ പ്രസന്നതയുള്ള, നട്ടുച്ച നേരത്ത് കത്തിജ്വലിക്കുന്ന സൂര്യനെ പോലെ കരുത്തും തീക്ഷ്ണതയുമുള്ള കാലഘട്ടം......

തന്റെ മേൽ വരുന്ന എല്ലാ പ്രതിസന്ധികളെയും തട്ടിമാറ്റി സ്വപ്നങ്ങളുടെ പുറകെ പോയി അതിനെ നേടിയെടുക്കുന്ന ചോരത്തിളപ്പുള്ള കാലഘട്ടം. നമ്മുടെ മുൻഗാമികളായ യുവാക്കൾ കണ്ട സ്വപ്നമാണ് നമ്മുടെ നാടിന്റെ ഇന്നത്തെ സുസ്ഥിതിയ്ക്ക് പിന്നിൽ. ഇന്നത്തെ സുസ്ഥിതി നഷ്ടപ്പെടാതെ കാവൽ നിൽക്കാനുള്ള ചുമതല നാം ഉൾപ്പെടുന്ന യുവതലമുറയ്ക്കുണ്ട്. 'സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക' സ്വപ്നം കാണാൻ നമ്മെ പഠിപ്പിച്ച എ.പി.ജെ.അബ്ദുൾ കലാമിന്റെ വാക്കുകളെ നമുക്ക് നെഞ്ചോട് ചേർക്കാം. യുവാക്കൾ തങ്ങളുടെ യുവത്വത്തെ സ്വന്തം ആവശ്യത്തിന് മാത്രമല്ല സ്വന്തം രാഷ്ട്രത്തിനും രാഷ്ട്രത്തിന്റെ മുഴുവൻ ജനങ്ങൾക്കും വേണ്ടിയും വിനിയോഗിക്കുന്ന തലത്തിലേക്ക് വളരുകയും ഉയരുകയും വേണം. യുവജനങ്ങളായ നാം കർമ്മനിരതരായിരിക്കണം. അതിന് ദിശയറിയുന്ന യുവത്വം രൂപപ്പെടണം. അവർ സാമൂഹിക പുന:സൃഷ്ടിയും രാഷ്ട്രനിർമ്മിതിയും ഏറ്റെടുക്കണം. തണുത്തുറയാത്ത യുവത്വമാണ് ആരോഗ്യമുള്ള സമൂഹത്തിന് ആവശ്യം. രാഷ്ട്രനിർമ്മിതിയിൽ ഏർപ്പെടുമ്പോൾ നമ്മെ കാത്ത് ഒരുപാട് വെല്ലുവിളികളുണ്ട്. ആ വെല്ലുവിളികളെ നാം ഒഴിവാക്കരുത് മാറ്റിവയ്ക്ക

www.malankaralibrary.com



രുത് മറിച്ച് അവയെ കരുത്തോടെ നേരിടണം. നല്ല ലോകവും സമൂഹവും വളർത്തിയെടുക്കുന്നതിൽ യുവജനങ്ങൾ വഹിക്കേണ്ട തീക്ഷണവും സത്യസന്ധവുമായ പങ്ക് വളരെ വലുതാണെന്ന് ഫ്രാൻസിസ് മാർപാപ്പ ഫിലിപ്പിൻസിന്റെ തലസ്ഥാനമായ മനിലയിൽ നടന്ന യുവജന സംഗമത്തിൽ പറഞ്ഞിട്ടുണ്ട്.

**'നീ ചെറുപ്പമായതുകൊണ്ട് വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തിലും നീ എല്ലാവർക്കും മാതൃകയായിരിക്കണം' (1 തിമോ:4/12)**

യുവജനങ്ങളായ നാം മറ്റുള്ളവരോടും സമപ്രായക്കാരോടും സമകാലീനരോടും പെരുമാറുന്ന രീതി വളരെയധികം ശ്രദ്ധിക്കേണ്ട ഒന്നുതന്നെയാണ്. സ്വാർത്ഥ താല്പര്യങ്ങളും ആർത്തിയും കാപട്യവും നിറഞ്ഞ മനസ്സിനെ മാറ്റി നിർത്തി സ്നേഹിക്കുവാൻ പഠിക്കുക. സ്നേഹിക്കപ്പെടാൻ മാത്രം നില്ക്കാതെ മറ്റുള്ളവരെ സ്നേഹിക്കാനും കരുതുവാനും കഴിയുന്ന യുവതലമുറയാകണം. സ്നേഹത്തെ നാം ഭയക്കരുത്! സ്നേഹിക്കാൻ ഭയപ്പെടരുത്. സ്നേഹജീവിതത്തിൽ നാം സത്യസന്ധതയും മാന്യതയും പുലർത്തണം. സമഗ്രതയുടെ മാതൃകയാകണം. നിങ്ങളിലെ ദൈവാത്മാവിനെ ഉണർത്താനായാൽ ക്രിസ്തു നിങ്ങളെ വിളിക്കുകയും ഭരമേല്പിക്കുകയും ചെയ്യുന്ന ധാർമ്മിക മഹത്വം നിങ്ങൾക്ക് നേടാൻ സാധിക്കും. ജീവിതത്തിൽ ക്ലേശിക്കുന്ന സുഹൃത്തുക്കൾക്ക് ദിശാമാപിനിയാകുവാനും മാർഗ്ഗദീപമാകുവാനും സാധിക്കണം. പ്രത്യാശ നഷ്ടപ്പെട്ട് ആദർശങ്ങൾ വലിച്ചെറിയാൻ പ്രലോഭിതരായി വിദ്യാലയം വിട്ട് തെരുവിലേയ്ക്കിറങ്ങുവാൻ നിർബന്ധിതരാകുന്ന യുവജനങ്ങളെ നാം ഓർക്കണം അവരെ കരുതുകയും ചെയ്യണം. നിങ്ങളുടെ ജീവിതദർശനങ്ങളും മൂല്യങ്ങളും ബലികഴിക്കരുത്. ജീവിത നന്മയ്ക്കും വിശുദ്ധിയ്ക്കും നൈർമ്മല്യത്തിനും ധീരതയ്ക്കും എതിരായ പ്രലോഭനങ്ങൾക്ക് നമ്മൾ അടിമപ്പെടരുത്. നിങ്ങളുടെ കാൽപ്പാടുകൾ വളരെ ദൃഢമായി വിടുക, അതുവഴി മറ്റുള്ളവർക്ക് പിന്തുടരാനാകണം.

നീതിനിഷ്ഠവും നവവുമായ ഭാരത സംസ്കൃതിയുടെ പ്രായോക്താക്കളും ശില്പികളുമാകാൻ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ദൈവസൃഷ്ടിയുടെ മനോഹാരിതയെ വിശ്വാസത്തിന്റെ കണ്ണുകളാൽ നോക്കിക്കാണാൻ ഓരോ യുവജനങ്ങൾക്കും സാധിക്കുന്നതിലൂടെ നാമോരോരുത്തരും പരിസ്ഥിതി സംരക്ഷണത്തിന്റെ വക്താക്കളാകുകയാണ്. അതിലൂടെ പുതുരാഷ്ട്ര നിർമ്മിതിയ്ക്ക് കാരണഭൂതരാവുകയും ചെയ്യുന്നു.

യുവജനങ്ങളായ നാം നമ്മുടെ ഇരിപ്പിടങ്ങളിൽ നിന്ന് എഴുന്നേറ്റ് ദാരിദ്ര്യം അനുഭവിക്കുന്നവരുടെയും ആശ്രയവും സ്നേഹവും ആവശ്യമുള്ളവരുടെയും അടുത്തേക്ക് ഇറങ്ങിച്ചെല്ലണം. അവരുടെ പ്രശ്നങ്ങളെ മനസ്സിലാക്കി പ്രശ്നപരിഹാരം കണ്ടെത്തണം. സാമ്പത്തികമായി സഹായിക്കാൻ സാധിച്ചില്ലെങ്കിലും സൗഹൃദം, സ്നേഹം, കരുണ, ക്രിസ്തുസ്നേഹം എന്നിവ കൊടുക്കാൻ നാം തയ്യാറാകണം. വ്യക്തിപരമായി നാം ഉള്ളവരോ ഇല്ലാത്തവരോ എന്നത് പ്രശ്നമല്ല. ആവശ്യത്തിലായിരിക്കുന്ന സഹോദരങ്ങളെ സഹായിക്കാൻ നാം കടപ്പെട്ടവരാണ്.

**'എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്'.**
(മത്തായി 25: 40)

എവിടെയും നന്മയുടെ പക്ഷത്തെ ചേർത്തുപിടിച്ച് നെഞ്ചുറപ്പോടെ നിലനിൽക്കുവാൻ യുവത്വത്തിനാകണം. നമ്മൾ ഉൾപ്പെടുന്ന യുവജനതയുടെ സമൂഹത്തിലെ ഇടപെടലുകൾ അനുസരിച്ചായിരിക്കും ഭാവി ഇന്ത്യയുടെ വളർച്ചയും തളർച്ചയും. നാമൊന്ന് എന്ന കാഴ്ച്ചപ്പാട് ഉയർത്തണം. പരസ്നേഹത്തിന്റെ പൂർണതയിൽ വിളങ്ങി നിൽക്കുന്ന യേശുക്രിസ്തുവെന്ന യുവാവിനെ മാതൃകയാക്കി അനീതിയ്ക്കും അക്രമത്തിനും അധർമ്മത്തിനും ലഹരി മാഫിയയ്ക്കുമെതിരെ ധീരമായി പടപൊരുതാം...

സമൂഹത്തിന് ആവശ്യമില്ലാത്തവയെ പിഴുതെറിയുവാനും രാഷ്ട്രത്തിന് നന്മയായുള്ളതിനെ വളർത്തിയെടുക്കുവാനും രാജ്യസുരക്ഷയ്ക്കും അഖണ്ഡതയ്ക്കും എതിരെ നില്ക്കുന്ന മാഫിയകളെ തകിടം മറിക്കാനും ഒരു നവരാഷ്ട്രം പണിതുയർത്താനും വിളിക്കപ്പെട്ട ഇന്നിന്റെ പ്രവാചകന്മാരാണ് നാം യുവജനങ്ങൾ.

www.malankaralibrary.com



# സഭാതലസമിതി

## MEET THE DIOCESE - തിരുവല്ല അതിഭദ്രാസനം



എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ തിരുവല്ല അതിഭദ്രാസന സമിതി സന്ദർശിച്ചു. അതിഭദ്രാസനാധ്യക്ഷൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയെ സന്ദർശിക്കുകയും അഭിവന്ദ്യ പിതാവ് സഭാതല സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആശംസകളും പ്രാർത്ഥനയും നേരുകയും യുവജന നേതാക്കന്മാരുമായി പ്രവർത്തനങ്ങളെപ്പറ്റി സംവദിക്കുകയും ചെയ്തു.

അതിഭദ്രാസന-സഭാതല പ്രവർത്തനങ്ങളെപ്പറ്റി അവലോകനം നടത്തപ്പെട്ടു. സഭാതല സമിതിയുടെ ശ്രദ്ധ പ്രത്യേകം എത്തേണ്ട മേഖലകളെപ്പറ്റി ചർച്ച ചെയ്തു.

അതിഭദ്രാസന വികാരി ജനറാൾ മോൺ. ഐസക് പറപ്പള്ളിൽ അച്ചനെയും സമിതി അംഗങ്ങൾ ഒന്നുചേർന്ന് സന്ദർശിക്കുകയും ചെയ്തു.

സഭാതല സമിതിയെ ഹൃദമായി സ്വീകരിച്ച അതിഭദ്രാസനാധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് പിതാവ്, വികാരി ജനറാൾ മോൺ. ഐസക് പറപ്പള്ളിൽ അച്ചൻ, അതിഭദ്രാസന സമിതിയെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

## MEET THE DIOCESE - പാറശ്ശാല ഭദ്രാസനം

എം.സി.വൈ.എം സഭാതല സമിതിയുടെ നേതൃത്വത്തിൽ പാറശാല ഭദ്രാസന സമിതി സന്ദർശിച്ചു. ഭദ്രാസനാധ്യക്ഷൻ അഭി.ഡോ. തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്തയെ സന്ദർശിക്കുകയും അഭിവന്ദ്യ പിതാവ് സഭാതല സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആശംസകളും പ്രാർത്ഥനയും നേരുകയും യുവജന നേതാക്കന്മാരുമായി പ്രവർത്തനങ്ങളെപ്പറ്റി സംവദിക്കുകയും യുവജന പ്രവർത്തന മേഖലകളെ പറ്റി സംസാരിക്കുകയും ചെയ്തു.



ഭദ്രാസന-സഭാതല പ്രവർത്തനങ്ങളെപ്പറ്റി അവലോകനം നടത്തപ്പെട്ടു. ക്രിയാത്മകമായ നിർദ്ദേശങ്ങൾ, പ്രവർത്തന മേഖലകൾ, സഭാതല സമിതിയുടെ ശ്രദ്ധ പ്രത്യേകം എത്തേണ്ട മേഖലകളെപ്പറ്റി ചർച്ച ചെയ്തു.

പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെയും ഈ അവസരത്തിൽ കാണുവാനും സമയം ചെലവഴിക്കുവാനും സാധിച്ചു എന്നത് ഏറെ സന്തോഷത്തോടെ ഓർക്കുന്നു.




സഭാതല സമിതിയെ ഹൃദമായി സ്വീകരിച്ച ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയൂസ് പിതാവ്, ഭദ്രാസന സമിതി, പ്രത്യേകിച്ച് ഡയറക്ടർ അച്ചൻമാർ, സിസ്റ്റർ ആനിമേറ്റർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സമിതി അംഗങ്ങൾ ഏവരെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

## 31-ാം അന്തർദേശീയ യുവജന സമ്മേളനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 92-ാം പുനരൈക്യ വാർഷികത്തോട് അനുബന്ധിച്ച് 2022 സെപ്റ്റംബർ 21-ാം തീയതി നടത്തപ്പെടുന്ന 31-ാം അന്തർദേശീയ യുവജന സമ്മേളനത്തിലേക്ക്

www.malankaralibrary.com

# വാർത്തകൾ




ചരിത്രമുറങ്ങുന്ന തിരുവല്ല അതിഭദ്രാസത്തിലേക്ക് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ സ്പന്ദിക്കുന്ന യുവത്വങ്ങൾക്ക് ഹൃദയപൂർവ്വം സ്വാഗതം.

## ജേക്കബ് മാർ ബർണ്ണബാസ് പിതാവിന്റെ ഓർമ്മയാചരണം




ജേക്കബ് മാർ ബർണബാസ് പിതാവിന്റെ 1-ാം ഓർമ്മയാചരണത്തോടനുബന്ധിച്ച് എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ പട്ടം കത്തീഡ്രൽ ദൈവാലയത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 'സ്നേഹവിരുന്നു ശാലയിൽ' ഉച്ചഭക്ഷണ വിതരണം നടത്തി. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, തിരുവനന്തപുരം മേജർ അതിഭദ്രാസന സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. വിൻസെന്റ് ചരുവിള, സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ ജോബിൻ ഡേവിഡ് എന്നിവർ സന്നിഹിതരായിരുന്നു.

അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമനസിന്റെ 60-ാം ജന്മദിനത്തോടനുബന്ധിച്ച് ആരംഭിച്ച പദ്ധതിയാണ് സ്നേഹവിരുന്നുശാല. ഒരോ ദിവസവും നിരവധിയാളുകളാണ് ഇവിടെയെത്തി ഭക്ഷണം സ്വീകരിക്കുന്നത്.

ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന ജേക്കബ് മാർ ബർണബാസ് പിതാവിന്റെ നേതൃത്വത്തിൽ നിരവധി കാരുണ്യ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. അവയിൽ എറ്റവും പ്രധാനപ്പെട്ടതായിരുന്നു കോവിഡ് കാലത്തിലടക്കം നടത്തപ്പെട്ട ഭക്ഷണ വിതരണം. ഇന്നും സഭയിലുടനീളം വന്ദ്യ പിതാവിന്റെ വലിയ മാതൃക പിന്തുടർന്ന് ഭക്ഷണ വിതരണവും നിരവധി കാരുണ്യ പ്രവർത്തനങ്ങളും നടന്ന് വരുന്നു.

## തീരദേശ ജനതയുടെ നീതിക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾക്ക് ഒപ്പമുണ്ടെന്ന് ഉറപ്പ് നൽകി എം.സി.വൈ.എം.



നിരവധി വർഷങ്ങളായി തീരദേശ ജനത സമരമുഖത്താണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് 7 പ്രധാനപ്പെട്ട ആവശ്യങ്ങൾ ഉന്നയിച്ചാണ് നിലവിൽ തീരദേശ ജനത ഒന്നാകെ സമരം ചെയ്യുന്നത്. എന്നാൽ അധികാരികൾ അത് കണ്ടില്ല എന്ന് നടിക്കുന്നു.

പ്രളയ സമയത്തടക്കം തങ്ങളുടെ ഉപജീവന മാർഗ്ഗമായ വള്ളങ്ങളുമായി ഓടിയെത്തിയ തീരദേശ ജനതയുടെ ഒപ്പം നാം നിൽക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

www.malankaralibrary.com





മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ മുഴുവൻ യുവജനങ്ങളുടെയും പൂർണ്ണ പിന്തുണ സഭാതല സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ വിഴിഞ്ഞം സമരപ്പന്തലിൽ എത്തി അറിയിച്ചു. തീരദേശ ജനതയുടെ ആശങ്കകൾ പരിഹരിക്കുവാൻ സർക്കാർ സംവിധാനം എത്രയും വേഗം ഉണർന്ന് പ്രവർത്തിക്കണം എന്നും സഭാതല സമിതി ആവശ്യപ്പെട്ടു.

സഭാതല സമിതി ഭാരവാഹികൾ, ഭദ്രാസന ഡയറക്ടറച്ചൻമാർ, ബഹുമാനപ്പെട്ട വൈദികർ, ഭദ്രാസന ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

### ആലോചന യോഗം




എം.സി.വൈ.എം ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ ഒക്ടോബർ മാസം നാം സമുചിതമായി ആഘോഷിക്കാറുണ്ടല്ലോ. ഈ വർഷത്തെ സഭാതല യുവജന ദിനാഘോഷം ഹെസദ് 2022 ന് പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം വഹിക്കുന്നു.

2022 ഒക്ടോബർ 9-ാം തീയതി നടത്തപ്പെടുന്ന സഭാതല യുവജന ദിനാഘോഷം പത്തനംതിട്ട ഭദ്രാസനത്തിലെ പന്തളം വൈദിക ജില്ലയിലെ ആനന്ദപ്പള്ളി ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. ഒക്ടോബർ 8-ാം തീയതി വൈകുന്നേരം അന്തർദ്ദേശീയ ക്വിസ് മത്സരവും നടത്തപ്പെടുന്നു.

ഹെസദിന്റെ ക്രമീകരണങ്ങളുടെ ചർച്ചകൾക്കായി 2022 ഓഗസ്റ്റ് 28-ാം തീയതി ആനന്ദപ്പള്ളി ദൈവാലയത്തിൽ വച്ച് ആലോചന യോഗം നടത്തി. പൊതു ക്രമീകരണത്തെപ്പറ്റി ആലോചനയും വിവിധ കമ്മറ്റികൾ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സഭാതല ഭാരവാഹികൾ, പത്തനംതിട്ട ഭദ്രാസന ഭാരവാഹികൾ, പന്തളം വൈദിക ജില്ല ഭാരവാഹികൾ, ആനന്ദപ്പള്ളി യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### തൂലിക 2022





'തൂലിക 2022' ആഗസ്റ്റ് 13 ശനിയാഴ്ച വൈദിക ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തി. ഇരുന്നൂറ്റി അൻപതോളം മത്സരാർത്ഥികൾ പങ്കെടുത്തു.

### ഐക്യദാർഢ്യം

അവകാശങ്ങൾക്കായി പോരാടുന്ന തീരദേശ ജനതയുടെ അതിജീവന പോരാട്ടത്തിന് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന കുടുംബത്തിന്റെ ഐക്യദാർഢ്യവും പിന്തുണയും നാം അറിയിച്ചതാണ്. ഇതിന്റെ ഭാഗമായി എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ 2022 ആഗസ്റ്റ് 27-ാം തീയതി ശനിയാഴ്ച ഉച്ചക്ക് ശേഷം 3

www.malankaralibrary.com






മണിക്ക് വിഴിഞ്ഞം സമരപ്പന്തലിൽ ഒത്തുചേർന്നു.

## തിരുവല്ല അതിഭദ്രാസനം

## MEET THE DIOCESE



എം.സി.വൈ.എം. സഭാതല സമിതി, 2022 ആഗസ്റ്റ് 6 ന് അതിഭദ്രാസന വിസിറ്റ് നടത്തുകയുണ്ടായി. സഭാതല സമിതിയുടെ സന്ദർശനവേളയിൽ യുവജന പ്രസ്ഥാനവുമായി ബന്ധപ്പെട്ട അതിഭദ്രാസന സമിതിയുടെ ആശങ്കകൾ പങ്കുവയ്ക്കുകയുണ്ടായി. അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിനെ സഭാതല സമിതിയോടൊപ്പം സന്ദർശിക്കുകയും അന്തർദേശീയ യുവജന സമ്മേളനവുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടത്തുകയും ചെയ്തു.

## ടാസ്ക്ക് ഫോഴ്സ്




എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനം ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. അതിഭദ്രാസന സമിതി ബോധന (സോഷ്യൽ സർവീസ് സൊസൈറ്റി) യുമായി ചേർന്ന് ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുണ്ടായി.

ടാസ്ക് ഫോഴ്സിനു വേണ്ടതായ നിർദ്ദേശങ്ങൾ ബോധനയുടെ ഡയറക്ടർ ഫാ.സാമുവേൽ വിളയിൽ യുവജനങ്ങൾക്ക് നൽകി. പ്രാദേശികമായി വരുന്ന അടിയന്തര കാര്യങ്ങളിൽ മേഖല സമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ടീം പ്രവർത്തിക്കുവാൻ നിർദ്ദേശങ്ങൾ നൽകി.

www.malankaralibrary.com



## സത്യപ്രതിജ്ഞ



എം.സി.വൈ.എം.തിരുവല്ല അതിഭദ്രാസന ത്തിന്റെ നിയുക്ത പ്രസിഡന്റ് ശ്രീ. ജോബിൻ ജോസ് തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മുമ്പാകെ 2022 ആഗസ്റ്റ് 6 ശനിയാഴ്ച്ച രാവിലെ 11 മണിയ്ക്ക് തിരുവല്ല മേരിഗിരി അരമനയിൽ വച്ച് സത്യപ്രതിജ്ഞ ചെയ്ത് ചുമതലകൾ ഏറ്റെടുത്തു.

## കെ.സി.വൈ.എം. മദ്ധ്യമേഖല ക്യാമ്പ്




കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കോട്ടയം, പാലാ, വിജയപുരം, ഇടുക്കി, പത്തനംതിട്ട, തിരുവല്ല, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി എന്നീ രൂപതകളെ കോർത്തിണക്കിക്കൊണ്ട് മൂന്ന് ദിവസങ്ങളിലായി നീണ്ടുനിന്ന കൊയ്നോസ് 2022 മദ്ധ്യമേഖല ക്യാമ്പിനു എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനം ആതിഥേയത്വം വഹിച്ചു.

2022 ആഗസ്റ്റ് 26, 27, 28 എന്നീ തീയതികളിൽ തിരുവല്ല ശാന്തിനിലയത്തിൽ വച്ച് മദ്ധ്യമേഖല ക്യാമ്പ് നടത്തപ്പെട്ടു. തിരുവല്ല അതിഭദ്രാസനാ ധ്യക്ഷൻ മോസ്റ്റ്. റവ. ഡോ തോമസ് മാർ കൂറിലോസ് കൊയ്നോസ് 2022 ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന സമ്മേളനത്തിൽ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ ഇടയാടിയിൽ അധ്യക്ഷത വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബിച്ചു കുര്യൻ തോമസ് സ്വാഗതം ആശംസിക്കുകയും കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കര ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജോബിൻ ജോസ്, ഡയറക്ടർ ഫാ. എബ്രഹാം തൈപറമ്പിൽ, മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിബു എന്നിവർ ആശംസകൾ അറിയിച്ചു.

ശ്രീ.ജെയ്സൺ നേര്യമംഗലം നേതൃത്വ പരിശീലനം ക്ലാസ്സും റവ. ഫാ. സ്റ്റീഫൻ ചാലക്കര കെ.സി. വൈ.എം. പഠനവിഷയം അവതരിപ്പിക്കുകയും ചെയ്തു.

## ബത്തേരി ഭദ്രാസനം

### ജനനി ജന്മഭൂമി




എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ എടക്കര മേഖലയുടെ ആതിഥേയ

www.malankaralibrary.com



ത്വത്തിൽ എടക്കര സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് ജനനി ജന്മഭൂമി സ്വാതന്ത്ര്യദിനാഘോഷവും ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളും സമുചിതമായി ആഘോഷിച്ചു. ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ദേശീയ പതാക ഉയർത്തി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും അഭിവന്ദ്യ പിതാവിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനം നിലമ്പൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. പി. വി. അൻവർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എം.സി.വൈ.എം. ബത്തേരി ഭദ്രാസന പ്രസിഡന്റ് ശ്രീ. ദിൽജു മാത്യു അധ്യക്ഷത വഹിച്ചു. ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകി. എടക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഒ.ടി ജെയിംസ്, നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ സി.ഐ. ശ്രീ. വിനു, മലപ്പുറം ജില്ലാ എപ്പിസ്കോപ്പൽ വികാരി ഫാ. തോമസ് ക്രിസ്തുമന്ദിരത്തിൽ, ബത്തേരി ഭദ്രാസന എം.സി.വൈ.എം. ഡയറക്ടർ ഫാ. ഫിലിപ്പ് മുടമ്പള്ളിക്കുഴിയിൽ, ഭദ്രാസന ആനിമേറ്റർ സി. ശാലീന മാത്യു ഡി.എം., എടക്കര മേഖല പാസ്റ്റർ കൗൺസിൽ സെക്രട്ടറി ശ്രീ. വർഗീസ് കോശി എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. എടക്കര മേഖല എം.സി. വൈ.എം. പ്രസിഡന്റ് ശ്രീ. വിജിൻ കണ്ണേങ്കാട്ട് സ്വാഗതം ആശംസിക്കുകയും ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി വർഗീസ് നന്ദി അറിയിക്കുകയും ചെയ്തു. തുടർന്ന് എടക്കര ടൗണിലേക്ക് നടന്ന ഘോഷയാത്രയ്ക്ക് എം.സി.വൈ.എം. എടക്കര മേഖലാ ഡയറക്ടർ ഫാ. ഗീവർഗീസ് മഠത്തിൽ, എം.സി.വൈ.എം. ബത്തേരി ഭദ്രാസന ഭാരവാഹികൾ, എടക്കര മേഖല ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുക്കുകയും 500 ഓളം യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു.

## പത്തനംതിട്ട ഭദ്രാസനം

### അർദ്ധവാർഷിക സെനറ്റ് സമ്മേളനം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ ആറു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നാരങ്ങാനം സെന്റ് മേരീസ്മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തി. പ്രസ്തുത സെനറ്റ് സമ്മേളനം പത്തനംതിട്ട ഭദ്രാസന മുഖ്യവികാരി ജനറാൾ മോൺ. ഡോ. ഷാജി മാണികുളം ഉദ്ഘടാനം ചെയ്തു. എം.



സി.വൈ.എം. പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, സിസ്റ്റർ ആനിമേറ്റർ സിസ്റ്റർ ഹൃദ്യ എസ്.ഐ.സി ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, റവ. ഫാ. ബിനോയ് പുതുപ്പറമ്പിൽ, ജിജോ സി. വൈ. എന്നിവർ പ്രസംഗിച്ചു. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ സെനറ്റ് സമ്മേളനത്തിൽ എഴുപത്തഞ്ചോളം വൈദിക ജില്ലാ പ്രതിനിധികൾ പങ്കെടുത്തു. ആറു മാസത്തെ എം.സി.വൈ.എം.ന്റെ ഭദ്രാസന – വൈദിക ജില്ലാ പ്രവർത്തന റിപ്പോർട്ട് അവതരണവും സംഘടനാ ചർച്ചയും അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ വച്ച് നടത്തി.

### ഐക്യദാർഢ്യം




വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തിന് നേരെ കരി നിഴൽ വീഴ്ത്തുന്ന ഭരണകൂടത്തിന്റെ നീക്കത്തിനെതിരെ വിഴിഞ്ഞം കേന്ദ്രീകരിച്ച് മത്സ്യത്തൊഴി

www.malankaralibrary.com



ലാളികൾ നടത്തുന്ന സമരത്തിന് എം.സി.വൈ. എം. പത്തനംതിട്ട ഭദ്രാസനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പ്രസ്തുത സമരത്തിനെ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഓഗസ്റ്റ് 21 ഞായർ പ്രധിഷേധ ദിനമായും ഇടവകക ളിൽ നിന്ന് ഒപ്പ് ശേഖരണവും എം.സി.വൈ.എം. പത്ത നംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തി.

### ജാഗ്രത ഹെൽപ് ഡെസ്ക്




സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷമായ സാഹ ചര്യത്തിൽ ദുരിധാശ്വാസ പ്രവർത്തങ്ങൾ പത്തനംതിട്ട ഭദ്രാസനത്തിൽ ഏകോപിപ്പിക്കാൻ എം.സി.വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വൈദിക ജില്ലാ ഭാരവാഹികളെ ഉൾപ്പെടുത്തി ജാഗ്രത ഹെൽപ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി.

### സ്വാതന്ത്ര്യദിനാഘോഷം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം കാട്ടൂർ മലങ്കര സുറിയാനി കത്തോ ലിക്ക ദൈവാലയത്തിൽ വച്ച് സമുചിതമായി



ആഘോഷിച്ചു. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാ സന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ ദേശീയ പതാക ഉയർത്തി ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അദ്ധ്യക്ഷത വഹിച്ചു. ബിബിൻ എബ്രഹാം, ലിജോ ഫിലിപ്പ്, അലീന ജോസഫ്, ബെനതി, ആൽബി ഷോജി, അക്സാ രാജൻ എന്നിവർ പ്രസംഗിച്ചു.

## മാവേലിക്കര ഭദ്രാസനം

### തൂലിക




എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ തൂലിക രചനാമത്സ രങ്ങൾ 2022 ആഗസ്റ്റ് 27 ശനിയാഴ്ച വൈദിക ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു.

www.malankaralibrary.com



## തീരദേശജനതയ്ക്ക് ഐക്യദാർഢ്യം




അതിജീവനത്തിനായി സമരമുഖത്തായിരിക്കുന്ന തീരദേശ ജനതയുടെ നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനസമിതി ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം 2022 ആഗസ്റ്റ് 21 ഞായറാഴ്ച എല്ലാ യൂണിറ്റുകളിലും പ്രതിഷേധദിനം ആചരിക്കുകയും തീരദേശവാസികളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് സർക്കാരിന്റെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന് പരാതി സമർപ്പിക്കുന്നതിനായി ഇടവകകളിൽ ഒപ്പുശേഖരണം നടത്തുകയും ചെയ്തു.

## മൂവാറ്റുപുഴ ഭദ്രാസനം
## ദർശൻ 2K22 ലീഡർഷിപ് ക്യാമ്പ്

മലങ്കര കത്തോലിക്കാ സഭയുടെ ഊർജ്ജവും കരുത്തുമായി നിലകൊണ്ട്, നേതൃത്വം നൽക്കുന്ന യുവജങ്ങൾക്കുവേണ്ടി 'ദർശൻ 2K22 ലീഡർഷിപ്പ് ക്യാമ്പ്' മുവാറ്റുപുഴ ഭദ്രാസനത്തിലെ അഞ്ചു മേഖലകളിൽ നിന്നായി, യുവജനങ്ങളെ ഉൾകൊള്ളിച്ചുകൊണ്ട് ആഗസ്റ്റ് 13, 14, 15 തീയതികളിൽ വെങ്ങോല




സമൃദ്ധി ഗ്രാമിൽ വച്ച് നടത്തുകയുണ്ടായി. അഞ്ചു മേഖലകളിൽ നിന്നായി അൻപതോളം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പ് ആഗസ്റ്റ് 13 ശനിയാഴ്ച രാവിലെ 10 മണിയോട് കൂടി ആരംഭിച്ചു. മുവാറ്റുപുഴ ഭദ്രാസന മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഭദ്രാസന പ്രസിഡന്റ് സിബി തോമസ് സർ അധ്യക്ഷനായ ചടങ്ങിൽ ഭദ്രാസന ഡയറക്ടർ ഫാ. കുര്യാക്കോസ് കറുത്തേടത്ത് ആമുഖപ്രഭാഷണം നടത്തി. തുടർന്ന് ജെയ്സൺ ജോർജ്ജ് സർ, എസ്. ഐ. ബാബു സർ എന്നിവർ വിവിധങ്ങളായ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ഫാ. നോബിൾ തോമസ് പാറക്കൽ, കുമാരി സ്നേഹ കുഞ്ഞുമോൻ (ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ് ഹോൾഡർ) ഡോ. നിഷ (സൈക്കോളജിസ്റ്റ്) എന്നിവർ ക്ലാസ്സുകൾ നയിച്ചു. മുൻകാല നേതാക്കന്മാരായ വി. സി. ജോർജ്ജുകുട്ടി സർ, ഷിബു പനച്ചിക്കൽ സർ, ബിജോ പി ബാബു സർ എന്നിവർ അവരുടെ അനുഭവങ്ങൾ യുവജനങ്ങളുമായി പങ്കുവച്ചു.

## പുരോഹിതരെ ആദരിക്കൽ

ആഗസ്റ്റ് 4, വൈദികരുടെ മധ്യസ്ഥൻ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് മുവാറ്റുപുഴ ഭദ്രാസനത്തിലെ പ്രിയ വൈദികരെ 2022 ആഗസ്റ്റ് 14 ഞായറാഴ്ച്ച, വെങ്ങോല സമൃദ്ധി ഗ്രാമിൽ വച്ച് എം.സി.വൈ.എം. മുവാറ്റുപുഴ ഭദ്രാസന പ്രസിഡന്റ് സിബി തോമസിന്റെ അധ്യക്ഷതയിൽ, ഭദ്രാസന ഡയറക്ടർ ഫാ. കുര്യാക്കോസ് കറുത്തേടത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു. പ്രസ്തുത ചടങ്ങിൽ ഫാ. കുരുവിള പറേകടവിൽ, ഫാ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ, ഫാ. ജോയ് മാങ്കുളം എന്നീ വൈദികർ പങ്കെടുക്കുകയും പൗരോഹിത്യ ജീവിതത്തിന്റെ നാൾവഴികൾ യുവജനങ്ങൾക്കായി പകർന്നുനൽകുകയും

www.malankaralibrary.com





ചെയ്തു. യുവജനങ്ങൾ ശ്രേഷ്ഠ വൈദികർക്ക് തിരുനാൾ മംഗളങ്ങൾ നേർന്നു അവരോടു ഒരുമിച്ച് തിരുനാൾ ആഘോഷിച്ചു.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ സെനാക്കിൾ

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന യുവജന സുന്നഹദോസ് അസ്സീസിയൻ സെനാക്കിളിന്റെ ആദ്യ സമ്മേളനം നെയ്യാറ്റിൻകര ജില്ലയിലെ കൊടങ്ങാവിള ദൈവാലയത്തിൽ വച്ച് 2022 ആഗസ്റ്റ് 21 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം നടന്നു. ജില്ലാ ആനിമേറ്റർ സിസ്റ്റർ ജോ മരിയ ഡി.എം. പതാക ഉയർത്തി ആരംഭിച്ചു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് അരുൺ എം.എസ്. സ്വാഗതവും ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സീനാ ജോൺ ആമുഖ സന്ദേശവും നൽകി. നെയ്യാറ്റിൻകര ജില്ലാ വികാരി ഫാ. ആന്റണി പ്ലാംപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് യുവജനങ്ങൾ സഹയാത്രികർ എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് 5 ഗ്രൂപ്പുകളായി തിരിഞ്ഞ് യുവജനങ്ങൾ, മുൻകൂട്ടി തയ്യാറാക്കി നൽകിയ ചോദ്യങ്ങൾ അടിസ്ഥാനപ്പെടുത്തി സുന്നഹദോസ് വിഷയം ചർച്ച ചെയ്തു. റിപ്പോർട്ട് അവതരണ സമയത്ത് ജില്ലാ ഡയറക്ടർ ബഹു. ബിജോയി ഊരാളിവിള അച്ചൻ മോഡറേറ്ററായിരുന്നു. ഭദ്രാസന അസി. ഡയറക്ടർ ബഹു. ഫാ. വിമൽ വിൻസെന്റ് സമാപന സന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി അമലാരാജ് ഏവർക്കും കൃതജ്ഞത അർപ്പിച്ചു. സമാപന പ്രാർത്ഥനയോടും സ്നേഹ ഭോജനത്തോടുംകൂടി യുവജന സുന്നഹദോസ് സമാപിച്ചു.



### ദുക്റോനോ ദ്മോർ ഈവാനിയോസ്

മാർ ഈവാനിയോസ് പിതാവിന്റെ 69-ാമത് ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടന്ന ദുക്റോനൊ ദ്മോർ ഈവാനിയോസ് ജൂലൈ 24 ഞായറാഴ്ച പാറശാല കത്തീഡ്രലിൽ സമാപിച്ചു. ഫാ. തോമസ് ഈട്ടിക്കാലയിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥത്തിൽ ഇടവകകളിൽ നിന്ന് ശേഖരിച്ച നിയോഗങ്ങൾക്കു വേണ്ടി യുവജനങ്ങൾ ഒന്നിച്ച് പ്രാർത്ഥിച്ചു. തുടർന്ന് നടന്ന ഇവാനിയൻ കൊളോക്കിയത്തിൽ ബഹു. ഫാ. ബർണാഡ് വലിയവിള മോഡറേറ്ററായിരുന്നു. തദവസരത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും ദർശനവും അധികരിച്ച് 28 യുവജനങ്ങൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അനുസ്മരണ സന്ദേശവും ധൂപപ്രാർത്ഥനയും

www.malankaralibrary.com





നടത്തി. 250 ഓളം യുവജനങ്ങൾ പങ്കെടുത്ത അനുസ്മരണ സമ്മേളനം നേർച്ചയോടുകൂടി സമാപിച്ചു.

സമ്മേളനത്തിൽ ആദ്യാവസാനം സംബന്ധിച്ച അഭിവന്ദ്യ പിതാവിനും ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും, രൂപത - ജില്ലാ ഭാരവാഹികൾക്കും യുവജനങ്ങൾക്കും കത്തീഡ്രൽ ഇടവക കൂട്ടായ്മയ്ക്കും ഹൃദയം നിറഞ്ഞ നന്ദി.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സീന ജോൺ പതാക ഉയർത്തി ആരംഭിച്ചു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം പാറശ്ശാല ഭദ്രാസന വികാരി ജനറൽ മോൺ. സെലിൻ ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ് ആമുഖപ്രഭാഷണവും സഭാതല പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരിയും ഭദ്രാസന അസ്സി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റും നെയ്യാറ്റിൻകര വൈദികജില്ല ഡയറക്ടർ ഫാ. ബിജോയ് ഊരാളിവിളയും നെയ്യാറ്റിൻകര വൈദികജില്ലാ പ്രസിഡന്റ് ശ്രീ. അരുൺ എം. എസും ആശംസകൾ അറിയിച്ചു. തുടർന്ന് 5 വൈദിക ജില്ലകളും ഭദ്രാസന സമിതിയും അവരുടെ 6 മാസ ക്കാലത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. സംഘടനാ ചർച്ചയെത്തുടർന്ന് ഭദ്രാസന ഡയറക്ടർ സെനറ്റ് അംഗങ്ങൾക്ക് സമാപന സന്ദേശം നൽകി. സമാപന പ്രാർത്ഥനയോടെ സെനറ്റ് സമ്മേളനം അവസാനിച്ചു. ആതിഥേയത്വം




വഹിച്ച നെയ്യാറ്റിൻകര വൈദിക ജില്ലക്കും ഹൃദ്യമായ ക്രമീകരണങ്ങൾ ചെയ്ത ചെമ്പരത്തിവിള യൂണിറ്റിനും നന്ദി.

## ആശംസകൾ



ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ നാലാഞ്ചിറ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യറായി തെരഞ്ഞെടുക്കപ്പെട്ട ബഹു. മദർ സാന്ദ്ര എസ്.ഐ.സിക്കും പ്രൊവിൻഷ്യൽ ടീം അംഗങ്ങൾക്കും ആശംസകൾ അർപ്പിക്കാനായി 2022 ജൂലൈ 22-ന് പാറശ്ശാല ഭദ്രാസന സമിതി അംഗങ്ങൾ നാലാഞ്ചിറ ബഥനി മഠം സന്ദർശിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് അസി. ഡയറക്ടർ

www.malankaralibrary.com



ബഹു. ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സി. സീനാ ജോൺ ഡി.എം., ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത്‌ലാൽ എന്നിവരുടെ നേതൃത്വത്തിലൂള്ള ഭദ്രാസന സമിതി അംഗങ്ങൾ ബഹു. മദറിന് ചെടിച്ചട്ടി നൽകി ആശംസകളും പ്രാർത്ഥനയും അറിയിച്ചു. സഭാതല സമിതി പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി സന്നിഹിതയായിരുന്നു.

## Eparchy of Marthandam

### Executive Committee meeting



Malankarai Catholic Youth Movement Executive Committee Meeting held on 10.09.2022 at MCYM Office Director Beginning with the opening prayer by Fr. Johny Alfred, the meeting was attended by Co-Director Wilfin Viju, Sister Promoter Sr. Flower John and members of the Executive Committee attended. In this event action plans were discussed. Arrangements for a youth movement meeting and seminar on "Good Ambassador" on 21st August were discussed. Arrangements for holding Diocesan level writing competition and quiz competition at MJKM school hall on 4th September were also discussed. Arrangements for holding Diocesan level writing competition and quiz competition at MJKM school hall on 4th September were also discussed. Further, a diocesan youth movement day may be held on 2nd October under the theme "Together as Youth". It has been decided that prizes will also be given to the winners of the vegetable garden competition in honor of the Manvasana section – 2 youths.